# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം

## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 13.04.2026**

### പ്രധാനവാർത്തകൾ

1. സംസ്ഥാന നിയമസഭാ തിരഞ്ഞെടുപ്പിൽ ഇതുവരെ ലഭിച്ച കണക്കുകൾ പ്രകാരം 79.63 ശതമാനം പോളിംഗ് രേഖപ്പെടുത്തിയതായി മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ.

2. പശ്ചിമ ബംഗാൾ നിയമസഭാ തിരഞ്ഞെടുപ്പിന്റെ രണ്ടാം ഘട്ട വോട്ടെടുപ്പിലേക്കുള്ള നാമനിർദേശ പത്രിക പിൻവലിക്കാനുള്ള സമയപരിധി അവസാനിച്ചു.

3. പശ്ചിമേഷ്യൻ പ്രതിസന്ധിയെത്തുടർന്ന് LPG വിതരണ ശൃംഖലയിലെ തടസ്സങ്ങൾ നിയന്ത്രിക്കാൻ കർശന നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് കേന്ദ്ര സർക്കാർ.

4. കണ്ണൂരിൽ ദന്തൽ കോളേജ് വിദ്യാർത്ഥി നിതിൻ രാജിന്റെ മരണവുമായി ബന്ധപ്പെട്ട്, യുവജന കമ്മീഷൻ സ്വമേധയാ കേസെടുത്തു.

5. സംസ്ഥാനത്ത് ചൂട് കൂടുന്നു. നാളെയും മറ്റെന്നാളും 2 മുതൽ 3˚C വരെ താപനില ഉയരാൻ സാധ്യതയെന്ന് മുന്നറിയിപ്പ്

6. ഐപിഎൽ ക്രിക്കറ്റിൽ സൺറൈസേഴ്സ് ഹൈദരാബാദ് - രാജസ്ഥാൻ റോയൽസ് മത്സരം അല്പസമയത്തിനകം.

**************************

RNU TVPM

## രാഷ്ട്രപതി

രാഷ്ട്രപതി ദ്രൗപദി മുർമുവിന്റെ നാലുദിവസത്തെ ഗുജറാത്ത്-മഹാരാഷ്ട്ര സന്ദർശനത്തിനു തുടക്കമായി .
ഗുജറാത്തിൽ  രാജ്കോട്ട് എയിംസിന്റെ ആദ്യ ബിരുദദാന ചടങ്ങിൽ രാഷ്ട്രപതി പങ്കെടുത്തു . നാളെ ഡോ. ബി.ആർ. അംബേദ്കറുടെ ജന്മവാർഷികത്തോടനുബന്ധിച്ച് ഗാന്ധിനഗറിൽ നടക്കുന്ന പരിപാടിയിൽ രാഷ്ട്രപതി പങ്കുചേരും. ബുധനാഴ്ച നാഗ്പുർ എയിംസിന്റെ രണ്ടാം ബിരുദദാന ചടങ്ങിൽ പങ്കെടുക്കുന്ന രാഷ്ട്രപതി, ഇന്ത്യൻ റവന്യൂ സർവീസ് 78-◌ാ◌ം ബാച്ച് ഓഫീസർ ട്രെയിനികളുടെ പരിശീലന സമാപന ചടങ്ങിലും പങ്കെടുക്കും.

*************************

## രത്തൻ യു കേൽക്കർ (ഇൻട്രോ)

സംസ്ഥാന നിയമസഭാ തിരഞ്ഞെടുപ്പിൽ ഇതുവരെ ലഭിച്ച കണക്കുകൾ പ്രകാരം പോളിംഗ് 79.63 ശതമാനം എന്ന്  മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ. ഇതു വരെ ലഭിച്ച തപാൽ വോട്ട് കൂടി ചേർത്തുള്ള കണക്കാണിതെന്ന് അദ്ദേഹം തിരുവനന്തപുരത്ത് മാധ്യമങ്ങളോട് പറഞ്ഞു. സർവീസ് വോട്ട്,  വോട്ടെണ്ണൽ സമയത്തേ അറിയാൻ സാധിക്കൂ എന്നും അതു കൂടി ചേർക്കുമ്പോൾ അന്തിമകണക്കിൽ മാറ്റമുണ്ടാകുമെന്നും ശ്രീ കേൽക്കർ വ്യക്തമാക്കി .
(ഹോൾഡ് വോയ്സ്)

*************************

## പശ്ചിമ ബംഗാൾ നിയമസഭ

പശ്ചിമ ബംഗാൾ നിയമസഭാ തിരഞ്ഞെടുപ്പിന്റെ രണ്ടാം ഘട്ട വോട്ടെടുപ്പിലേക്കുള്ള നാമനിർദേശ പത്രിക പിൻവലിക്കാനുള്ള സമയപരിധി അവസാനിച്ചു.
ഈ മാസം 29-നാണ് വോട്ടെടുപ്പ്. സംസ്ഥാനത്ത് ഈ മാസം 23 ന് നടക്കുന്ന ആദ്യ ഘട്ട വോട്ടെടുപ്പിനുളള പ്രചാരണവും ഊർജിതമാണ്. കേന്ദ്ര ആഭ്യന്തരമന്ത്രിയും ബിജെപി മുതിർന്ന നേതാവുമായ അമിത്ഷാ , തൃണമൂൽ കോൺഗ്രസ്

PNU TVPM

നേതാവും മുഖ്യമന്ത്രിയുമായ മമത ബാനർജി തുടങ്ങിയവർ വിവിധ പ്രചാരണ പരിപാടികളിൽ പങ്കെടുക്കുന്നുണ്ട്. ഈ മാസം 23 ന് നിയമസഭാ തിരഞ്ഞെടുപ്പ് നടക്കുന്ന തമിഴ്നാട്ടിൽ, മുതിർന്ന ബിജെപി നേതാവും പ്രധാനമന്ത്രിയുമായ നരേന്ദ്ര മോദി നമോ ആപ്പ് വഴി മേരാ ബൂത്ത് സബ്സേ മജ്ബൂത്ത് സംവാദിന് കീഴിൽ പാർട്ടി പ്രവർത്തകരുമായി സംവദിച്ചു. ഡിഎംകെ മുതിർന്ന നേതാവും മുഖ്യമന്ത്രിയുമായ എം.കെ.സ്റ്റാലിൻ പ്രചാരണ പരിപാടികളിൽ സംബന്ധിച്ചു. അടുത്ത മാസം 4-നാണ് എല്ലായിടത്തും വോട്ടെണ്ണൽ.

**************************

## പശ്ചിമ ബംഗാൾ-എസ്ഐആർ

പശ്ചിമ ബംഗാളിൽ എസ്.ഐ.ആർ പ്രക്രിയയിലൂടെ വോട്ടർ പട്ടികയിൽ നിന്ന് പേരുകൾ നീക്കം ചെയ്തതിനെ ചോദ്യം ചെയ്ത് സമർപ്പിച്ച ഹർജി പരിഗണിക്കാൻ സുപ്രീം കോടതി വിസമ്മതിച്ചു. ഇത്തരം പരാതികൾ കേൾക്കാൻ രൂപീകരിച്ചിട്ടുള്ള അപ്പീൽ ട്രൈബ്യൂണലുകളെ സമീപിക്കാൻ ഹർജിക്കാരോട്, ജസ്റ്റിസ് സൂര്യകാന്ത്, ജസ്റ്റിസ് ജോയ്മല്യ ബാഗ്ചി എന്നിവരടങ്ങിയ ബെഞ്ച് നിർദ്ദേശിച്ചു. കൃത്യമായ നടപടിക്രമങ്ങൾ പാലിക്കേണ്ടതിനാൽ ഈ ഘട്ടത്തിലുള്ള ജുഡീഷ്യൽ ഇടപെടൽ തിരഞ്ഞെടുപ്പ് പ്രക്രിയയെ തടസ്സപ്പെടുത്തുമെന്ന് കോടതി നിരീക്ഷിച്ചു. അതേസമയം, കൽക്കട്ട ഹൈക്കോടതിയുടെ മേൽനോട്ടത്തിൽ രൂപീകരിച്ച 19 ട്രൈബ്യൂണലുകൾ അപ്പീലുകളിൽ വാദം കേൾക്കാൻ തുടങ്ങി.

**************************

## തെരഞ്ഞെടുപ്പുഹർജി

ഡ്യൂപ്ലിക്കേറ്റ് വോട്ടിംഗും വ്യാജ വോട്ടിംഗും തടയുന്നതിനായി പോളിംഗ് സ്റ്റേഷനുകളിൽ വിരലടയാളവും ബയോമെട്രിക് തിരിച്ചറിയലും ഏർപ്പെടുത്തണമെന്ന ഹർജിയിൽ കേന്ദ്രത്തിനും തെരഞ്ഞെടുപ്പ് കമ്മീഷനും സുപ്രീം കോടതിയുടെ നോട്ടീസ്.

RNU TVPM

നിലവിലെ നിയമസഭാ തെരഞ്ഞെടുപ്പുകളിൽ നിർദ്ദേശം നടപ്പിലാക്കാൻ കഴിയില്ലെങ്കിലും, പാർലമെന്റ് തെരഞ്ഞെടുപ്പ് ഉൾപ്പെടെയുള്ള ഭാവി തെരഞ്ഞെടുപ്പുകളിൽ അതിന്റെ സാധ്യത പരിശോധിക്കേണ്ടതുണ്ടെന്ന് ചീഫ് ജസ്റ്റിസ് സൂര്യകാന്ത് അധ്യക്ഷനായ ബെഞ്ച് നിരീക്ഷിച്ചു.

**************************

## അന്തർ മന്ത്രാലയ സമ്മേളനം

രാജ്യത്തെ ഗാർഹിക ആവശ്യങ്ങൾക്കുള്ള എൽപിജിയുടെ 100 ശതമാനം വിതരണം സർക്കാർ ഉറപ്പാക്കുന്നുണ്ടെന്നും എൽപിജി വിതരണത്തിൽ ഇതുവരെ പ്രശ്നങ്ങളൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ലെന്നും പെട്രോളിയം, പ്രകൃതിവാതക മന്ത്രാലയ ജോയിന്റ് സെക്രട്ടറി സുജാത ശർമ്മ . ന്യൂഡൽഹിയിൽ നടന്ന അന്തർ മന്ത്രാലയ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അവർ . പശ്ചിമേഷ്യൻ പ്രതിസന്ധിയെത്തുടർന്ന് വിതരണ ശൃംഖലയിലെ തടസ്സങ്ങൾ നിയന്ത്രിക്കാൻ സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ശ്രീമതി സുജാത ശർമ വ്യക്തമാക്കി.

RNUTVPM

**************************

## വിഷു-കണ്ണൂർ (ഇൻട്രോ)

വിഷു ആഘോഷത്തിന് മുന്നോടിയായി കണ്ണൂർ ജില്ലയിൽ തിരക്കേറി.ഗതാഗത ക്കുരുക്കും രൂക്ഷം. കണ്ണൂരിൽ നിന്നു ആകാശവാണി ജില്ലാ പ്രതിനിധി കെ ഓ ശശിധരൻ തയ്യാറാക്കിയ റിപ്പോർട്ട്.

(വോയ്സ്)

**************************

## നാരി ശക്തി വന്ദൻ-പിഎം

പാർലമെൻറിൻറെ മൂന്നു ദിവസത്തെ പ്രത്യേക സമ്മേളനത്തിന് വ്യാഴാഴ്ച തുടക്കമാകും. സമ്മേളനത്തിന് മുന്നോടിയായി രാജ്യസഭാ-ലോക്സഭാ കക്ഷി നേതാക്കൾക്ക് വനിതാ സംവരണ ബിൽ സംബന്ധിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി കത്തയച്ചു. ജനാധിപത്യ ഘടനയിൽ സ്ത്രീകൾക്ക് സംവരണം നൽകുന്നത് ജനാധിപത്യത്തെ ശക്തിപ്പെടുത്തുമെന്ന് ന്യൂഡൽഹിയിൽ

നടന്ന നാരി ശക്തി വന്ദൻ അധിനീയം പരിപാടിയിൽ പ്രധാനമന്ത്രി പറഞ്ഞു.

**************************

## അംബേദ്കർ ജയന്തി

അംബേദ്കർ ജയന്തി ദിനമായ നാളെ ലോക് ഭവനിൽ സംഘടിപ്പിക്കുന്ന പരിപാടിയെ, ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ, അഭിസംബോധന ചെയ്യും.
ചടങ്ങിൽ, ഗവർണർ രാജേന്ദ്രവിശ്വനാഥ് ആർലേക്കർ, അധ്യക്ഷനാകും. നാളെ രാവിലെ, നിയമസഭാ സമുച്ചയത്തിലെ അംബേദ്കർ പ്രതിമയിൽ, ഡെപ്യൂട്ടി സ്പീക്കർ പുഷ്പാർച്ചന നടത്തും.

**************************

## സ്വമേധയാ കേസെടുത്തു

കണ്ണൂർ അഞ്ചരക്കണ്ടി ദന്തൽ കോളേജിലെ നിതിൻ രാജിന്റെ മരണവുമായി ബന്ധപ്പെട്ട്, യുവജന കമ്മീഷൻ സ്വമേധയാ കേസെടുത്തു.വിദ്യാർത്ഥികളുടെ മൊഴി രേഖപ്പെടുത്തി.അധ്യാപകന്റെ ഭാഗത്ത് ഗുരുതര വീഴ്ച ഉണ്ടെന്ന് തെളിഞ്ഞുവെന്നു, യുവജന കമ്മീഷൻ ചെയർമാൻ എം ഷാജർ, മാധ്യമ പ്രവർത്തകരോട് പറഞ്ഞു. വരുംദിവസങ്ങളിൽ കൂടുതൽ വിദ്യാർത്ഥികളുടെ മൊഴി രേഖപ്പെടുത്തും.

**************************

## സ്വഭാവിക ജാമ്യം

ശബരിമല സ്വർണ കവർച്ച കേസിൽ പ്രത്യേക അന്വേഷണ സംഘം അറസ്റ്റ് ചെയ്ത് റിമാൻഡിലായിരുന്ന, ദേവസ്വം ബോർഡ് മുൻ അംഗം കെ പി ശങ്കരദാസിന്, കൊല്ലം വിജിലൻസ് കോടതി സ്വഭാവിക ജാമ്യം അനുവദിച്ചു. റിമാൻഡ് കാലാവധി 90 ദിവസം പൂർത്തിയായിട്ടും, കുറ്റപത്രം സമർപ്പിക്കാത്തതാണ് ജാമ്യം ലഭിക്കാൻ കാരണമായത്. ഇതോടെ കേസിൽ അറസ്റ്റിലായ അവസാന പ്രതിയും ജയിൽ മോചിതനായി.

RNU TVPM

*************************

<u>വയനാട്-കണ്ണിമാങ്ങ(ഇൻട്രോ)</u>

വയനാട്ടിൽ ഇപ്പോൾ കണ്ണിമാങ്ങ കാലമാണ്. സീസണയായതോടു കൂടി വയനാടൻ കണ്ണിമാങ്ങയ്ക്ക് വൻ ഡിമാൻറാണ്.
കൂടുതൽ വിവരങ്ങളുമായി ആകാശവാണി വയനാട് ജില്ലാ പ്രതിനിധി അരുൺ വിൻസെൻറ് .
(വോയ്സ്)

*************************

<u>കാലാവസ്ഥ</u>

സംസ്ഥാനത്ത് ചൂട് കൂടുന്നു. വയനാട്, ഇടുക്കി ഒഴികെയുള്ള ജില്ലകളിൽ മഞ്ഞ ജാഗ്രത മുന്നറിയിപ്പ് നൽകിയതായി സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി അറിയിച്ചു. നാളെയും മറ്റെന്നാളും സംസ്ഥാനത്ത് 2 മുതൽ 3°C വരെ താപനില ഉയരാൻ സാധ്യത . പാലക്കാട് ജില്ലയിൽ താപനില 40°C വരെയും കൊല്ലം ജില്ലയിൽ 39°C വരെയും പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശൂർ, കോഴിക്കോട്, കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ 37°C വരെയും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു.

*************************

<u>ആശ ഭോസ്ലേ</u>

പിന്നണി ഗായിക ആശ ഭോസ്ലെയുടെ സംസ്കാരം ഇന്ന് വൈകിട്ട് മുംബൈ ശിവാജി പാർക്കിൽ പൂർണ ഔദ്യോഗിക ബഹുമതികളോടെ നടന്നു. പ്രധാനമന്ത്രി നരേന്ദ്രമോദിക്കു വേണ്ടി മഹാരാഷ്ട്ര മുഖ്യമന്ത്രി ദേവേന്ദ്ര ഫഡ്നാവിസ് പുഷ്പചക്രം അർപ്പിച്ചു. ഇന്നലെ ഉച്ചയ്ക്ക് മുംബൈയിലാണ് ആശ ഭോസ്ലെ അന്തരിച്ചത്. 92 വയസായിരുന്നു.

*************************

RNUTVPM

## ഐപിഎൽ

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് സൺറൈസേഴ്സ് ഹൈദരാബാദ് -രാജസ്ഥാൻ റോയൽസിനെ നേരിടും. രാത്രി 7:30 ന് ഹൈദരാബാദിലാണ് മത്സരം. ഇന്നലെ നടന്ന മത്സരങ്ങളിൽ റോയൽ ചലഞ്ചേഴ്സ് ബെംഗളൂരു- മുംബൈ ഇന്ത്യൻസിനെയും, ഗുജറാത്ത് ടൈറ്റൻസ്- ലഖ്നൗ സൂപ്പർ ജയന്റ്സിനെയും പരാജയപ്പെടുത്തി.

**************************

## ഓഹരി -സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. സെൻസെക്സ് 703 പോയിന്റ് നഷ്ടത്തിൽ 76,848 ലും, നിഫ്റ്റി 208 പോയിന്റ് താഴ്ന്നു 23,843-ലും വ്യാപാരം പൂർത്തിയാക്കി.

സ്വർണവില കുറഞ്ഞു. പവന് 280 രൂപ കുറഞ്ഞു ഒരു ലക്ഷത്തി 11,800 രൂപയും ഗ്രാമിന് 13,975 രൂപയുമാണ് ഇന്നത്തെ വില.

**************************

## റെയിൽവേ റിസർവേഷൻ

വിഷു പ്രമാണിച്ച് മറ്റെന്നാൾ ദക്ഷിണ റയിൽവെയുടെ തിരുവനന്തപുരം ഡിവിഷനിലുള്ള കമ്പ്യൂട്ടർ അധിഷ്ഠിത റിസർവേഷൻ സംവിധാനം രാവിലെ എട്ടു മണി മുതൽ ഉച്ചയ്ക്ക് രണ്ടു മണിവരെ മാത്രമേ പ്രവർത്തിക്കൂ എന്ന് റെയിൽവേ അധികൃതർ അറിയിച്ചു .

**************************

*************

*****

PRUTVPM